**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **24-02-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജിനത്തിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള വിതരണ മേഖലയിൽ വാട്ടർ ചാർജിനത്തിൽ വൻകിട-ചെറുകിട മേഖലയിൽ പിരിഞ്ഞുകിട്ടേണ്ട കുടിശിക തുക എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | വൻകിട-ചെറുകിട മേഖല എന്ന തരം തിരിവ് വാട്ടർ അതോറിറ്റിയിൽ ഇല്ല. എന്നാൽ ഡൊമസ്റ്റിക്, നോൺ ഡൊമസ്റ്റിക്, വ്യാവസായികം, സ്പെഷ്യൽ/ കാഷ്വൽ എന്നിങ്ങനെ ഉപഭോക്തൃ വിഭാഗങ്ങളായാണ് വാട്ടർ ചാർജ്ജിനത്തിൽ തരംതിരിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിലെയും 31/01/2022 വരെയുള്ള കുടിശ്ശിക ഇനം തിരിച്ച് താഴെ ചേർക്കുന്നു. ഡൊമസ്റ്റിക് - 356.54 കോടി രൂപ നോൺ ഡൊമസ്റ്റിക് - 848.94 കോടി രൂപ വ്യാവസായികം, - 8.03 കോടി രൂപ സ്പെഷ്യൽ/ കാഷ്വൽ -16.16 കോടി രൂപ |
| (ബി) | പ്രസ്തുത കുടിശിക തുക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കാനും അതുവഴി കൂടുതൽ പദ്ധതികൾ നടപ്പാക്കാനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പ മേലധികാരികൾക്കും ഡിവിഷൻ തലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം എല്ലാ വകുപ്പ് മേലധികാരികൾക്കും കൺസോളിഡേറ്റഡ് ബിൽ തയാറാക്കി ഹെഡ് ഓഫീസിൽ നിന്നും നൽകിവരുന്നു. കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയും വകുപ്പ് മേധാവികളെയും നേരിൽ കണ്ട് കുടിശ്ശിക തുക എത്രയും വേഗം അടക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്.സെക്ഷൻ തലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. പിരിഞ്ഞു കിട്ടുന്ന തുക അതോറിറ്റിയിൽ നാളുകളായി കുടിശ്ശികയുള്ള മെയിന്റനൻസ് കരാറുകാരുടെ ബില്ലുകളും പെൻഷൻകാരുടെ ആനുകൂല്യങ്ങളും തുടങ്ങി 2116.54 കോടി രൂപയുടെ കുടിശ്ശിക കൊടുത്തു തീർക്കുവാൻ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കുടിശിക സംബന്ധിച്ച് വൻകിട/ഇടത്തരം/ചെറുകിട മേഖലയിലെ ഉപഭോക്താക്കളുടെ ആശങ്കകൾ എന്തെല്ലാമാണെന്നും ആയത് പരിഹരിക്കാൻ | (സി) | ആശങ്കകൾ ഇതുവരെ അറിയിച്ചിട്ടില്ല. എന്നാലും കുടിശ്ശിക സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ അവ പരിശോധിച്ച് പരിഹരിച്ചു വരുന്നുണ്ട്. കുടിശ്ശിക |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്ന പ്രധാന നടപടികളും വിശദമാക്കാമോ? | | നിവാരണത്തിന് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിവഴി പിഴ പലിശ ഒഴിവാക്കി നൽകുന്നു. അദാലത്തു നടത്തി ദീർഘകാലമായി നിലനിന്നിരുന്ന പരാതികൾ ഇളവുകൾ നൽകി പരിഹരിക്കുന്നു. |

സെക്ഷൻ ഓഫീസർ